# മറ്റുള്ളവരെ അനുഗ്രഹിച്ചിട്ട് മറഞ്ഞു കളയുക - അറിയപ്പെടാത്തവനായിരിക്കുന്ന കാര്യം അന്വേഷിക്കുക

സാക് പുന്നൻ

WFTW 23 മാർച്ച് 2015

അവിടുന്ന് പ്രദർശനങ്ങളും പരസ്യങ്ങളും വെറുക്കുന്നു എന്നതാണ് ദൈവ പ്രകൃതത്തിന്റെ പ്രത്യേകത. യെശയ്യാവ് 45:15ൽ ദൈവത്തെക്കുറിച്ച് ഇങ്ങനെ എഴുതിയിരിക്കുന്നു. "യിസ്രായേലിന്റെ ദൈവവും രക്ഷിതാവും ആയുള്ളോവെ, നീ മറഞ്ഞിരിക്കുന്ന ദൈവം ആകുന്നു സത്യം.'' മറ്റുള്ളവരാൽ ശ്രദ്ധിക്കപ്പെടാതെ കാര്യങ്ങൾ ചെയ്യുവാനും താൻ ചെയ്തിട്ടുള്ള കാര്യങ്ങൾക്ക് എന്തെങ്കിലും ബഹുമാനം ആവശ്യമില്ലാതിരിക്കുവാനും ഇഷ്ടപ്പെടുന്ന അവിടുത്തെ പ്രകൃതത്തിന്റെ പങ്കാളിയാക്കിക്കൊണ്ട്, അവിടുത്തെ പോലെ തന്നെ നമ്മെ ആക്കി തീർക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. നാം മറ്റുള്ളവരെ അനുഗ്രഹിച്ച ശേഷം മറഞ്ഞു കളയുന്നതെങ്ങനെയെന്ന് നമുക്ക് പഠിക്കാൻ കഴിയേണ്ടതിന് തക്ക ശക്തിയുള്ള ഒരു പ്രവൃത്തി നമ്മിൽ ചെയ്യുവാൻ ദൈവം ആഗ്രഹിക്കുന്നു. നാം ചെയ്തിട്ടുള്ള കാര്യങ്ങൾക്കുവേണ്ടി മനുഷ്യരിൽ നിന്ന് മാനവും പുകഴ്ചയും അന്വേഷിക്കുന്നതിൽ നിന്ന് പൂർണ്ണമായും നമ്മെ സ്വതന്ത്രരാക്കാൻ ദൈവം ആഗ്രഹിക്കുന്നു. എബ്രായർ 7:17ൽ നാം വായിക്കുന്നു, "അവിടുന്ന് മൽക്കിസേദെക്കിന്റെ ക്രമപ്രകാരം എന്നേക്കും ഒരു പുരോഹിതൻ.'' മൽക്കിസേദെക്ക് അറിയപ്പെടാത്ത ഒരു മനുഷ്യനായിരുന്നു - എന്നാൽ ദൈവത്തെ വളരെ അടുത്ത് അറിഞ്ഞ ഒരു മനുഷ്യൻ- അബ്രഹാം യുദ്ധത്തിനു ശേഷം മടങ്ങി വന്നപ്പോൾ ഭക്ഷണവും ദൈവത്തിൽ നിന്നൊരു വചനവും കൊണ്ട് അദ്ദേഹത്തെ എതിരേറ്റു ചെന്നവൻ (ഉല്പ. 14:14-20). അബ്രഹാം ക്ഷീണിതനായിരുന്നു. തന്നെയുമല്ല ഇത്തരത്തിൽ വിജയശ്രീലാളിതനായതിനു ശേഷം ഉന്നതഭാവം ഉണ്ടാകാനുള്ള ഒരു വലിയ അപകടത്തിലുമായിരുന്നു. താൻ യുദ്ധത്തിൽ പിടിച്ചെടുത്ത സോദോം രാജാവിന്റെ വസ്തുവകകൾ മോഹിക്കുവാനുള്ള ഒരു അപകടത്തിലും കൂടിയായിരുന്നു. എന്നാൽ ദൈവം അബ്രഹാമിന്റെ ക്ഷീണിച്ച ശരീരത്തെ ബലപ്പെടുത്തുവാൻ വേണ്ട ആഹാരവും അവന്റെ ആത്മാവിനെ നിഗളത്താലും മോഹത്താലും മലിനപ്പെടുത്താതിരിക്കുവാൻ വേണ്ട വചനവുമായി മൽക്കീസെദെക്കിനെ അവിടേക്ക് അയച്ചു.

മൽക്കിസേദെക്ക് അബ്രഹാമിനോടു പറഞ്ഞു: "സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായി അത്യുന്നതനായ ദൈവത്താൽ അബ്രഹാം അനുഗ്രഹിക്കപ്പെടുമാറാകട്ടെ, നിന്റെ ശത്രുക്കളെ നിന്റെ കയ്യിൽ ഏല്പിച്ച അത്യുന്നതനായ ദൈവം സ്തുതിക്കപ്പെടുമാറാകട്ടെ.'' അദ്ദേഹം ഏഴു പോയിന്റുകളുള്ള ഒരു നീണ്ട പ്രസംഗം അവനോട് പ്രസംഗിച്ചില്ല. അദ്ദേഹം ഒരു വാചകം മാത്രം സംസാരിച്ചു - എന്നാൽ അത് അബ്രഹാമിന്റെ ആവശ്യം കൃത്യമായി നിറവേറ്റാൻ മതിയായ ഒരു പ്രവചന വാക്യമായിരുന്നു. ആ ഒരു വാചകത്തിലൂടെ അദ്ദേഹം അബ്രഹാമിനെ ഓർപ്പിച്ചത്, അവന് ആ വിജയം നൽകിയത് ദൈവമായതിനാൽ അതിന്റെ പുകഴ്ച അവൻ എടുക്കരുത് എന്നാണ്. അദ്ദേഹം അബ്രഹാമിനെ ഓർപ്പിച്ച മറ്റൊരു കാര്യം, അവന്റെ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായതിനാൽ, സാധാരണ ജയാളികൾ ചെയ്യുന്നതുപോലെ യുദ്ധത്തിന്റെ അവശിഷ്ടങ്ങളൊന്നും എടുക്കേണ്ട ആവശ്യം അവനില്ല എന്നാണ്. ഏതാനും നിമിഷങ്ങൾക്കുശേഷം അബ്രഹാം സോദോം രാജാവിനെ കണ്ടുമുട്ടിയപ്പോൾ, ഈ വാക്കുകൾ ശരിയായ കാര്യം ചെയ്യാൻ അവനെ സഹായിച്ചു. തന്റെ ദൈവം സ്വർഗ്ഗത്തിനും ഭൂമിക്കും നാഥനായതിനാൽ, താൻ അവന്റെ കയ്യിൽ നിന്ന് ഒരു ചരടുപോലും എടുക്കുകയില്ല എന്ന് അവൻ സോദോം രാജാവിനോടു പറഞ്ഞു (ഉല്പ. 14:22-24). ഇപ്പോൾ യേശു, ദൈവത്താൽ 'മൽക്കീസേദെക്കിന്റെ ക്രമത്തിൽ' ഒരു മഹാപുരോഹിതനായി നിയമിക്കപ്പെട്ടിരിക്കുന്നു. ഇവിടെ നാം ആയിരിക്കുന്നത് അതേ ക്രമപ്രകാരം പുരോഹിതന്മാരായിരിക്കാനും, ഈ ശുശ്രൂഷ തികയ്ക്കുവാനും ആണ്.

മൽക്കിസേദെക്ക് എപ്രകാരമാണ് ഒരു പ്രദർശനമോ, ഘോഷങ്ങളോ, വെളിപ്പെടുത്തലുകളോ, പരസ്യങ്ങളോ ഒന്നും ഇല്ലാതെ നിശ്ശബ്ദനായി പ്രത്യക്ഷപ്പെടുകയും അബ്രഹാമിന് ആവശ്യമായിരുന്നതു മാത്രം - ശാരീരികാവശ്യത്തിനുള്ള ഭക്ഷണവും നിഗളത്തിൽ നിന്നും ദുർമ്മോഹത്തിൽ നിന്നും അബ്രഹാമിനെ രക്ഷിക്കാനുള്ള ശരിയായ വചനവും കൊടുത്തത് എന്നു ചിന്തിക്കുക. അബ്രഹാമിന്റെ ആവശ്യം നിറവേറ്റിയതിനു ശേഷം, അദ്ദേഹം വന്നതു പോലെ തന്നെ നിശബ്ദമായി അപ്രത്യക്ഷനായി. ഒരു മാനമോ,

പ്രശംസയോ, നന്ദിയോ, പരസ്യമോ നമുക്കായി ആഗ്രഹിക്കാതെ ആവശ്യത്തിലിരിക്കുന്ന മറ്റുള്ളവരെ നിശബ്ദമായി അനുഗ്രഹിച്ച ശേഷം അപ്രത്യക്ഷമാകുന്ന ഈ ശുശ്രൂഷയാണ് നാമെല്ലാവരും ആഗ്രഹിക്കേണ്ടത്.

മനുഷ്യർ തങ്ങൾ ജീവിക്കുകയും ജോലി ചെയ്യുകയും ചെയ്യുന്ന ലോകത്തിലെ യുദ്ധങ്ങൾക്കു ശേഷം ക്ഷീണിതരും അവശരുമായാണ് സഭാ യോഗങ്ങൾക്കു കടന്നു വരുന്നത്. വിശ്വാസികളെ ഉണർത്തുവാൻ കഴിയുന്ന ആത്മീകകാഹാരവും പോഷകവും നൽകത്തക്കവിധം സഭയിൽ മൽക്കീസെദെക്കിനെപ്പോലെ പ്രവചിക്കുന്നത് എത്ര അത്ഭുതകരമാണ്! അവർക്ക് ആവശ്യമുള്ളപ്പോൾ പ്രായോഗികവും ഭൌതികവുമായ മാർഗ്ഗങ്ങളിൽ അവരുടെ ജീവിതം അവർക്ക് എളുപ്പമാക്കി തീർക്കത്തക്ക വിധത്തിൽ അവരെ സഹായിക്കാൻ കഴിയുന്നത് എത്ര അനുഗ്രഹമാണ്! സഹോദരന്മാർക്ക് തങ്ങളെക്കുറിച്ചു തന്നെ ഉന്നത ചിന്ത ഉണ്ടായിട്ട്, തങ്ങൾ പറയുന്നതിൽ കാതലായ കാര്യങ്ങൾ വളരെക്കുറച്ചു മാത്രം ഉള്ളപ്പോൾ തന്നെ, വളരെ നീണ്ട നേരം പ്രസംഗിക്കുന്നത് സങ്കടകരമാണ്. അങ്ങനെയുള്ള നീണ്ട മുഷിപ്പൻ പ്രസംഗങ്ങൾ സഭായോഗങ്ങളിൽ മരണം കൊണ്ടു വരുന്നു. മറിച്ച് സഹോദരി സഹോദരന്മാർക്ക് എല്ലാ സഭായോഗങ്ങളിലും ശരിയായ വചനം - ഒരു പ്രവചന വാക്യം - കൊടുക്കാൻ കഴിഞ്ഞാൽ അത് എത്ര അത്ഭുതകരമായിരിക്കും!

എന്നാൽ നമുക്ക് ഇപ്രകാരം പ്രവചിക്കാൻ കഴിയണമെങ്കിൽ, നാം ദൈവത്തിന് രഹസ്യത്തിൽ യാഗം കഴിക്കാറുള്ള പുരോഹിതന്മാരായിരിക്കണം, കൂടാതെ എല്ലായ്പ്പോഴും നിർമ്മല മനസ്സാക്ഷിയോടുകൂടി ദൈവവുമായുള്ള ബന്ധം നിലനിർത്തുന്നവരുമായിരിക്കണം. ദൈവത്തിനു മുഖപക്ഷമില്ല. സഭയിലുള്ള ഓരോ സഹോദരനും സഹോദരിയും മൽക്കീസേദെക്കിന്റെ ക്രമത്തിൽ ഒരു പുരോഹിതനായിരിക്കുകയും പ്രവചിക്കുകുയും വേണം എന്ന് അവിടുന്ന് ആഗ്രഹിക്കുന്നു (അപ്പൊ. പ്ര. 2:17,18; 1 കൊരി. 14:31). നിങ്ങൾക്കുള്ളതെല്ലാം ഒരു പുരോഹിതനെപ്പോലെ യാഗപീഠത്തിൽ അർപ്പിക്കുവാൻ നിങ്ങൾക്കു മനസ്സുണ്ടെങ്കിൽ, നിങ്ങൾ പ്രവചിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ, നിങ്ങളുടെ സഹോദരി സഹോദരന്മാരുടെ നന്മയ്ക്കായി ഒരു യഥാർത്ഥ കരുതലും ഭാരവും ഉണ്ടെങ്കിൽ, കൂടാതെ നിങ്ങൾക്ക് നിങ്ങളുടെ തന്നെ പ്രശസ്തിക്കോ മാനത്തിനോ, ഒരാഗ്രഹവും ഇല്ല എങ്കിൽ അപ്പോൾ ദൈവം തീർച്ചയായും സഹോദരി സഹോദരന്മാരുടെ ആവശ്യം നിറവേറ്റുവാനായി ഒരു വചനം എല്ലാ യോഗങ്ങളിലും നിങ്ങൾക്കു നൽകും - അത് ഒരു വാചകം മാത്രമായാൽ പോലും.

മൽക്കീസേദെക്കിന്റെ പൌരോഹിത്യത്തിൽ, ഒരു പ്രത്യേക സഹോദരനായി ആരും ഇല്ല. അപ്പോൾ നിങ്ങൾക്കുള്ള വരങ്ങൾ നിമിത്തം അറിയപ്പെടുന്ന കാര്യം നിങ്ങൾ അന്വേഷിക്കരുത്. അനേക ആത്മാക്കളെ ക്രിസ്തുവിലേക്കു കൊണ്ടു വന്ന ഒരു സഹോദരനാണ്, അല്ലെങ്കിൽ ഭൂതങ്ങളെ പുറത്താക്കുന്ന ഒരു സഹോദരനാണ്, അല്ലെങ്കിൽ രോഗികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നവൻ, അല്ലെങ്കിൽ സഭായോഗം നയിക്കുന്ന സഹോദരൻ നിങ്ങളാണ്, അല്ലെങ്കിൽ അതു ചെയ്യുന്നവൻ, ഇതു ചെയ്യുന്നവൻ എന്നിങ്ങനെയുള്ള ഒരു ചിന്തയും നിങ്ങളിൽ ഉണ്ടാകാതിരിക്കട്ടെ. ഒരു പേരും, സ്ഥാനപ്പേരും, മാനവും, പ്രശസ്തിയും ഒന്നുമില്ലാത്ത ഒരു സാധാരണ സഹോദരനായിരിക്കുന്നതിൽ തൃപ്തനായിരിക്കുക.

മറ്റുള്ളവരെ അനുഗ്രഹിച്ചിട്ട് അപ്രത്യക്ഷനാകുക. അറിയപ്പെടാത്തവനായിരിക്കുന്ന കാര്യം അന്വേഷിക്കുക.